Little KITEs

**2018-2019**

# അന്നോദയം



# സെന്റ് ആൻസ് കോൺവെൻറ് ഗേൾസ് ഹൈസ്കൂൾ

# പടിഞ്ഞാറെകോട്ട, തൃശൂർ.



# താളുകളിൽ........

എഡിറ്റോറിയൽ......4
സന്ദേശം......5
ചില മുഹൂർത്തങ്ങളിലൂടെ......6
അന്നോദയത്തിൻെറ അണിയറയിൽ......8
ചരിത്രവഴികളിലൂടെ ......9
അനുഗ്രഹവർഷിണീ......12
ലക്ഷ്യബോധം......13
മാതൃസ്പർശം......14
എന്റെ വിദ്യാലയം......15
THE HEZZ......16
കൃപ ചൊരിയുന്നവളേ......17
ഞാൻ അക്ഷര മുത്തുകൾ കൊത്തിയെടുത്ത വിദ്യാലയം......19
മൗനസംഗീതം......21
ഹൃദയത്തിന്റെ ഉൾതാളുകൾ......22
അമ്മ......23
മക്കളെ മാപ്പ്: സ്ത്രീ സുരക്ഷ ഇന്ന്......24
NOBILITY OF FLOWERS......27
അമ്മ കരുതൽ......28
ഓർമ്മക്കുറിപ്പ്......29
എന്നും ആ പുഞ്ചിരി......30
വിട പറയുമ്പോൾ......31
കൂട്ടുകാരി......32
നനയാതെ പോയ മഴ......33
അമ്മ......34
തിരിച്ചുപോക്ക്......35
പുഞ്ചിരി പൂക്കളെന്നമ്മ......37
ഒരു പ്രളയ കാഴ്ച......38
വേഴാമ്പലിനെപോലെ......39
അഭിമാനതാരങ്ങൾ......40
രാത്രിയുടെ യാമങ്ങളിൽ......41
വഴിതെറ്റാൻ സഹായിക്കുന്ന വഴികൾ......42
ഞാൻ ഓർമിക്കും ഇന്നുമെന്നും......43
കടപ്പാട്......44

# എഡിറ്റോറിയൽ

കാലം നമുക്ക് മുമ്പിൽ മിഴി തുറക്കുമ്പോൾ ഗതകാലസ്മൃതികൾ മനക്കാമ്പിൽ നിറവായി നിറയാൻ ഇതാ ഒരു സർഗവേദി- കുരുന്നുകളുടെ കരവിരുതുകൾ ഇവിടെ കവിതകളും കഥകളുമായി മാറുമ്പോൾ ഭാവനയുടെ ചിറകുവിടർത്തുന്ന അനുഭൂതി വിശേഷങ്ങൾ .....

ആദ്യാക്ഷരങ്ങൾ അറിവിന്റെ രുചികൂട്ടാകുമ്പോൾ മൂല്യബോധത്തിന്റെ രൂപപ്പെടുത്തലുകളും ജീവിതത്തിൽ മുതൽക്കൂട്ടുകളാകുന്നു . പ്രവത്തനമണ്ഡലങ്ങളിലൂടെ കൈവരിച്ച നേട്ടങ്ങൾ , അംഗീകാരങ്ങൾ ഈ ഡിജിറ്റൽ മാഗസിനിൽ ആലേഖനം ചെയ്യപ്പെടുമ്പോൾ മനസ്സിൽ ഒത്തിരി അഭിമാനനിമിഷങ്ങൾ .......

ഇനിയും വിജയചരിത്രം വിരചിക്കാൻ വി .അന്ന കൃപാതീർത്ഥം തെളിക്കട്ടെ .

ഈ ഗുളിക നിങ്ങൾക്കുമുമ്പിൽ സമർപ്പിക്കുമ്പോൾ ഞങ്ങളുടെ പ്രയത്നങ്ങൾ സാർത്ഥകമാകുന്നു .

വിദ്യാലയാനുഭവങ്ങളുടെ നേർക്കാഴ്ചകളിലേക്ക് ...

# സന്ദേശം



ഇന്നത്തെ പുതുതലമുറയ്ക്ക് സാങ്കേതികപരിജ്ഞാനം നൽകുന്നതിനും അവ ഗുണകരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനും വേണ്ടി കുട്ടികളുടെ ഐടി കൂട്ടായ്മയായ ലിറ്റിൽകൈറ്റ്സ് സെന്റ് ആൻസ് കോൺവെൻറ് ഗേൾസ് ഹൈസ്കൂളിൽ പ്രവർത്തിച്ചു വരുന്നു എന്നുള്ളത് അഭിമാനർഹംതന്നെ.

ലിറ്റിൽകൈറ്റ്സിന്റെ സംരഭമായ ഇ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സതോഷം അറിയിക്കുന്നു മാഗസിൻ നിർമ്മാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും അവരെ സഹായിച്ച അദ്ധ്യാപികമാർക്കും ഈ അവസരത്തിൽ അഭിനന്ദനം അറിയിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ കബ്യൂട്ടർ പരിജ്ഞാനം അവശ്യ ഘടകംതന്നെയാണ് ഇത്തരം സാങ്കേതിക വിദ്യകൾ സ്കൂൾതലം മുതൽ നല്കാൻ സാധിക്കുന്നതിലൂടെ വിദ്ധ്യാർത്ഥികളുടെ കഴിവും പരിജ്ഞാനവും അഭിരുചിയും വളർത്തിയെടുക്കുവാൻ

സാധിക്കട്ടെ എന്ന് ആശംസകളോടെ**....**

**സി .പവിത്ര സി.എം.സി (ഹെഡമിസടസ്)**



# ചില മുഹൂർത്തങ്ങളിലൂടെ









q














COSMO

# അന്നോദയത്തിൻെറ അണിയറയിൽ:

ആൻഡ്രിയ ബിജു
നന്ദന എൻ ജെ
അനഘ കെ എസ്
പ്രിൻെറ മരിയ പോൾ
അമിത കെ ജെ
ദേവിക
അക്ഷയ
ലക്ഷമി ഗോപിക

ദേവിക ടി എസ് (കവർ പേജ് )

### സെൻ്റ് ആൻസ് സി .ജി. എച്ച്. എസ്. വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ

## ചരിത്രവഴികളിലൂടെ..

ഗതകാല ഉള്ളറകളിൽ അനവധി നൊമ്പരങ്ങളുണ്ട്,അലച്ചിലുകളുണ്ട്; കടുത്ത ദാരിദ്ര്യത്തിന്റെ കയ്പൂറുന്ന അനുഭവങ്ങളുണ്ട്. ആനന്ദത്തിന്റെ പൊട്ടി ചിരികളുമുണ്ട്. നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും നിരവധി കഥകളുണ്ട്.കണ്ണുനീരിന്റെയും വിയർപ്പിന്റേയും രുചിഭേദങ്ങളുണ്ട്; ഇവയെല്ലാം കോർത്തിണക്കിയതാണ് സെന്റ് ആൻസ് സ്കൂളിന്റെ ചരിത്രവഴികൾ.ഒമ്പത് പതിറ്റാണ്ടുകൾക്കപ്പുറത്തേക്ക് കണ്ണോടിച്ചാൽ ഇന്നത്തെ പട്ടണപരിഷ്കാരമോ സാംസ്കാരിക ഉയർച്ചയോ ഇല്ലാതെ തൃശ്ശൂർപട്ടണത്തിന്റെ പടിഞ്ഞാറുഭാഗത്ത് ഒട്ടും പരിഗണിക്കാതെ കിടന്നിരുന്ന പ്രദേശമായിരുന്ന പടിഞ്ഞാറെകോട്ട. ഏതൊരുനാടിന്റെയും പുരോഗതിയുടെ പാതയി ലെനഴിക കല്ലുകളാണ് അന്നാട്ടിലെ വിദ്യാലയങ്ങൾ.ഈ യാഥാർത്ഥ്യത്തെ അന്വർത്ഥമാക്കികൊണ്ട് ഇന്ന് അഭിമാനപുരസരം ശിരസ്സുയർത്തി നിൽക്കുന്ന സ്ഥാപനമാണ് സെന്റ് ആൻസ് കോൺവെൻറ് ഗേൾസ് ഹൈസ്കൂൾ .

വി.അന്നാവുമ്മ ദേവാലയത്തിന്റ വികാരിയായി 1923 ൽ നിയോഗിക്കപ്പെട്ട ബഹുമാനപ്പെട്ട ജോൺ കിഴക്കൂടനച്ചൻ അവഗണിക്കപ്പെട്ട് കഴിയുന്ന ഇവർക്ക് ആത്മജ്ഞാനംനല്കാൻ ഒരു പ്രൈമറിവിദ്യാലയം ആരംഭിച്ചു. തൃശ്ശൂർ സേക്രഡ്ഹാർട്ട്മഠത്തിൽ നിന്ന് നാല് സിസ്റ്റേഴ്സ് കാളവണ്ടിയിൽ വന്നാണ് അധ്യാപനം നടത്തി വന്നത്. മഠത്തിന്റെയും,പള്ളിയുടേയും സ്കൂളിന്റേയും നടത്തിപ്പിനായി സിസ്റ്റേഴ്സും അച്ചന്മാരും അഹോരാത്രം പണിയെടുത്തു. കൂലിക്കാർക്ക് കൂലി കൊടുക്കാൻ നിവൃത്തി യില്ലാതായപ്പോൾ കല്ലും, ഇഷ്ടികയും എടുത്തു കൊടുക്കുക,മണൽ അരിക്കുക തുടങ്ങിയ പണികൾ സിസ്റ്റേഴ്സ്സിന്റേതായി തീർന്നു. വീട്ടുകാരിൽനിന്നും സ്വന്തകാരിൽനിന്നും ലഭിക്കുന്ന തുകകളാണ് അതാത് ദിവസം പണിയുന്നവർക്ക് കൂലിയായി കൊടുത്തു വന്നത്.ദാരിദ്ര്യത്തിന്റെയും അദ്ധ്വാനത്തിന്റെയും അലച്ചിലിന്റെയും സുഗന്ധമാണ് സെന്റ് ആൻസിന്റെ നിർമ്മിതിയിൽ പരന്നൊഴുകുന്നത്.1925 ലാണ് സെന്റ് ആൻസ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്.സ്കൂളുമായി ഈ സ്ഥാപനത്തിന് അഭേദ്യബ ന്ധമുണ്ട്. ഇവിടത്തെ അന്തേവാസികൾ അധ്യയനം നടത്തിയിരുന്നത് ഈ സ്കൂളിലാ ണെന്നു അഭിമനപുരസ്സരം എടുത്തുപറയട്ടെ .

വിശുദ്ധഅന്നാവുമ്മയുടെ നാമധേയത്തിൽ 1923 ൽ സ്ഥാപിതമായ പ്രൈമറിസ്കൂൾ അഞ്ചു പതിറ്റാണ്ടുകൾ പിന്നിട്ടശേഷം 1978 ൽ മാത്രമാണ് ഹൈസ്കൂളായി ഉയർന്നത്. പ്രഥമ സാരഥിയായ സി.തിയദോര, പിന്നീട് വന്ന സി.സിമോന, സി.സർപ്പീന, സി.എയ്മാർദ് എന്നിവർ സുദൃഢമായ അടിത്തറപാകി. സി.റീത്ത, സി.ഡിഗ്ന, സി.റുബീന, സി.നൊളാസ്കൂ, സി.ല്യൂഷ്യസ് എന്നിവരുടെ വിദഗ്ധമായമേൽനോട്ടം സ്കൂളിന്റെ പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. തൃശ്ശൂർ സേക്രഡ്ഹാർട്ട് സ്കൂളിന്റെ ഒരു ശാഖയായി പ്രവൃത്തിച്ചിരുന്ന സെന്റ് ആൻസ് സ്കൂൾ 1978 ൽ ഹൈസ്കൂൾ ആക്കുകയും സി.ക്രിസ്റ്റഫർ പ്രഥമ ഹൈസ്കൂൾ സാരഥിയായി ചാർജ്ജെടുക്കുകയും ചെയ്തു.

പത്താം റാങ്ക് ലഭിച്ച ഹെംലിൻ തോമസ് സ്കൂളിന്റെ ചരിത്രത്തിൽ തിലകക്കുറിയായി വിളങ്ങുന്നു. അറിവിന്റെ ചക്രവാളത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കാൻ ഇംഗ്ലീഷ് മീഡിയവും ഇവിടെ ആരംഭിച്ചു.

2005 ൽ സി.ജോൺസി സ്ഥാനമേറ്റതോടെ വിദ്യാർത്ഥികളുടെ യാത്രാസൗകര്യത്തിനായി സ്കൂൾ ബസ് ഏർപ്പെടുത്തി.ഇന്ന് നാല് ബസുകളുമായി സെന്റ് ആൻസ് പുരോഗതിയുടെ ചവിട്ടുപടികൾ കയറുന്നു.സി.ആത്മയാണ് സെന്റ് ആൻസിന്റെ ഭരണസാരഥ്യം 2010 ൽ ഏറ്റെടുത്തത്.മെന്റൽ ഹോസ്പിറ്റലിനടുത്തുള്ള കെട്ടിടം പൊളിച്ച മൂന്നുനില പണിതതോടെ സെന്റ് ആൻസ് ഇന്ന് കാണുന്ന സ്ഥിതിയിലേക്കു എത്തിച്ചേർന്നു.കേരളത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്ന ബാൻഡ്മേളം സ്റ്റേറ്റിൽ ഒന്നാം സ്ഥാനമടക്കം തുടർച്ചയായി ഏഴുതവണയും തൃശ്ശൂർ ജില്ലയെ പ്രതിനിധാനം ചെയ്തുകൊണ്ട് അതിന്റെ ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു. നേഴ്സറി വിഭാഗവും പുതുക്കി പണിതതോടുകൂടി അനേകർ വിദ്യതേടി സെന്റ്ആൻസിലേക്ക് എത്തിചേർന്നു-കൊണ്ടിരിക്കുകയാണ്.2015 ൽ ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് സി.പവിത്ര സാരഥിയായി. 'വൺ കോയിൻ' പദ്ധതി പ്രകാരം ഒരു വീട് നല്കാൻ സാധിച്ചത് സിസ്റ്ററുടെ സാമൂഹ്യ പ്രതിബന്ധതയുടെ വളരെ വലിയയൊരു തെളിവാണ്. കലാ കായിക സാമൂഹ്യ ശാസ്ത്ര ഗണിത പ്രവൃത്തി പരിചയമേളകളിൽ ഇന്ന് സ്റ്റേറ്റ് തലത്തെ പ്രതിനിദാനംചെയ്തു 'എ' ഗ്രേഡ് നേടുന്ന അനേകം കുട്ടികൾ ഈ വിദ്യാലയത്തിൽ ഉണ്ടായികൊണ്ടിരി ക്കുന്നുവെന്ന് ചാരിതാർഥ്യത്തോടെ എടുത്തുപറയട്ടെ.അന്നും ഇന്നും അധ്യാപകരുടെ സമർപ്പണമാണ് സെന്റ് ആൻസ് സ്കൂളിന്റെ വളർച്ചക്ക് പിന്നിലുള്ളത്.

അക്ഷരാഭ്യാസമില്ലാത്തവരെയും ബുദ്ധിപരമായി പിന്നിൽനിൽക്കുന്നവരെയും പഠിപ്പിച്ച് വിജയിപ്പിക്കുക എന്ന യജ്ഞം നൂറു ശതമാനം വിശ്വസ്തതയോടെ നിർവഹിച്ചതാണ് ഇന്ന് കാണുന്ന അഭിവൃദ്ധി. തുടർച്ചയായി എസ്.എസ്.എൽ.സി പരീക്ഷയിൽ നേടുന്ന നൂറു ശതമാന വിജയം തങ്കലിപികളിൽ ചരിത്രതാളുകളിൽ ആലേഖനം ചെയേണ്ടതാണ്. കാലാകാലങ്ങളിൽ വരുന്ന മാനേജ്മെന്റും ഹെഡ്മിസ്ട്രസ്മാരും വളർച്ചയിൽ ഗണ്യമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നു. പക്വമായ വ്യക്തിത്വം സൃഷ്ടിച്ചെടുക്കാൻ ഒരുവനെ പ്രാപ്തനാക്കാൻ പല പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു. 2018 oct – 'അന്ന ഗസറ്റ്' എന്ന പേരിൽ സ്കൂളിന് ടേമിൽ ഒരു പത്രം എന്ന രീതിയിൽ പുറത്തിറക്കി. മൂല്യാധിഷ്ഠിത പ്രസിദ്ധികരണങ്ങൾ എന്നിവ സുലഭമാക്കിയും പ്രഭാഷണങ്ങൾ, ക്ലാസുകൾ, സെക്സ് വിദ്യാഭ്യാസം, വാല്യൂ എഡ്യൂക്കേഷൻ, ലൈഫ് ഗൈഡൻസ് കോഴ്സുകൾ നൽകിയും വിവിധ ക്ലബുകളിലും സംഘടനകളിലും പ്രവർത്തിപ്പിച്ചും ഈ ലക്ഷ്യസാക്ഷാത്കാരത്തിന് കുട്ടികളെ ഒരുക്കുന്നു.

.................

# അനുഗ്രഹവർഷിണി



അനന്ത സ്നേഹത്തിൽ നീർധാരചൊരിയും
സാന്ത്വന സ്പർശിതയെൻ അന്ന
അറിയാതെ ഞാനൊന്നു തേങ്ങുമ്പോളെന്നരികിൽ
ആശ്വാസമായെത്തുമെന്നംബികേ
എന്റെ  ജീവന്റെ സ്പന്ദനം നിന്റെ ദാനം
എന്നിലലിയുന്ന നിന്റെ നൈർമ്മല്യസ്നേഹം
എന്നുള്ളിലെരിയുന്ന  താപപ്രവാഹത്തെ
യുതിയണക്കുവാൻ കഴിവുള്ളവൾ
നിൻ ആർദ്രമാം നാദമെൻ   അകതാരിൽ
ആശ്വാസത്തിൻ കുളിർതെന്നലാകുന്നമ്മേ
ഭാഗ്യദേവതയായ  അന്ന  സെന്റ് ആൻസിൻ  മധ്യസ്ഥ
അഭിമാനതാരമാക്കി  മാറ്റി
എൻ അന്നതൻ നാമം ഉരുവിടുമ്പോൾ
ആത്മനിർവൃതിയിലാണ്ടുപോം  ഞാൻ
കരുണതൻ  സാഗരപ്രവാഹമേ
എൻ  ജീവന്റെ  തുടിപ്പുകൾതോറും
നിനക്കേകും നന്ദിയായ് മാത്രം
മാനവരാശിതൻ ആത്മരക്ഷ
അപേക്ഷിച്ചീടേണം നീ പുത്രനോട്
എൻ കണ്ണുനീർ  തുടച്ചാനന്ദയാക്കി
പ്രവാഹത്തെയൊഴുക്കി നീ  അന്നേ
എൻ ലൗകികജീവിതത്തിൽ കൃപവർഷിച്ച നീ
അദൃശ്യലോകത്തെന്നെ അണക്കുവോളം നീ
മാൻ നീർത്തോടിനായ് കാംക്ഷിക്കുംപോലവേ
അന്നേ  നിന്നരികിൽ അണയാൻ കൊതിക്കുന്നു
സ്നേഹത്തിൽ നദി എനിക്കായ് ഒഴുക്കി നീ
കരുണതൻ സ്പർശമെന്നെയറിയിച്ച
നാഥേ നിന്നിൽ ഞാൻ ആത്മനിർവൃതിയിലാണ്ടു
എൻ ജീവന്റെ തുടിപ്പുകൾതോറും
നിനക്കേകും ....... നന്ദി ...നന്ദി ...നന്ദി...

**മഹിമ ഉണ്ണികൃഷ്ണൻ**
**XA**

# ലക്ഷ്യബോധം

എന്തു മേതെന്നറിയാതെ  വലഞ്ഞുഞാൻ
ജീവിത നൗകയിൽ വീണുപോയി
പെട്ടന്നുരുബോധം എന്നിലുയർന്നു
ലക്ഷ്യബോധമെന്തിനുമാധാരം
എത്തിപിടിക്കാൻ ഒരുപാടാഗ്രഹങ്ങളുമായ്
ചിറകു വിരിച്ചു ഞാൻ പറന്നുയരും
വിലപ്പെട്ട നിമിഷങ്ങൾ എനിക്കുചുറ്റും
കത്തിജ്വലിക്കുന്ന ദീപത്തെ പോൽ
ജ്ഞാനഭിഷേകം എന്നിൽ ചൊരിയൂ
തീക്ഷണമതിയായ് ഞാനൊഴികിടട്ടെ
വേണ്ടത്ര അറിവും കഴിവും നൽകി
പാരിൽ വെളിച്ചമായ് പാറിടട്ടെ
എൻ ലക്ഷ്യവും വിജയവും
എന്റെ ആഗ്രഹവും സ്വപ്നങ്ങളും
എന്നും മായാതെ സൂക്ഷിക്കാൻ
കരുത്തേകിടൂ  ജഗദീശ്വരാ.........

അനഘ ഷാജു

IX B

# മാതൃസ്പർശം

പ്രകൃതി തൻ ഭൂവിൽ
നാം കടമകളാൽ നിറഞ്ഞവർ
ഈ മണ്ണിൽ വിസ്മയം നമ്മളാൽ
നിർമ്മിക്കപ്പെട്ടതും തിരമാല
തൻ സ്പർശ്ശത്താൽ
നാമേവരും തഴുകിയിടുമ്പോൾ
അമ്മതൻ സ്പർശ്ശത്തിൽ
ഓരോ കുഞ്ഞും പുൽകിടുന്നു
സ്നേഹപൊരുൾ തേടി നാം
അലയേണ്ടതില്ല
അമ്മയെന്നത് തന്നെ
സ്നേഹത്തിൽ പൊരുൾ
ഭൂമിദേവി തൻ കൃപയാൽ
നാമേവരും അനുഗ്രഹിക്കപ്പെടുമ്പോൾ
മാതൃസ്നേഹത്താൽ നാം
ഓരോരുത്തരും ധന്യരാകുന്നു.
സമൂഹമണ്ണിൽ നാം ഒറ്റപെടുപ്പോൾ
മാതൃസ്നേഹത്തിൻ വിരൽത്തുമ്പിൽ
നാം സംരക്ഷിക്കപ്പെട്ടിടുന്നു.
ഭൂമിയിൽ പിറന്ന ഓരോ
കുഞ്ഞും മാതൃസ്നേഹത്താൽ
സ്പർശിക്കപ്പെടുമ്പോൾ
ഭൂമി ദേവി തൻ ഹൃദയം ധന്യമാകുന്നു.

ഉദയശങ്കർ

**IXA**

# <u>എന്റെ വിദ്യാലയം</u>

*പുഞ്ചിരിയിലും  നൊമ്പരങ്ങളാലും നിറഞ്ഞൊരു വസന്തം*
*കൊച്ചു കൊച്ചു പിണക്കങ്ങൾ വലിയൊരു നൊമ്പരമാക്കിയ കാലം*
*ആദ്യം എത്തിചേരാൻ മടിച്ച  ഇടം*
*പിന്നെ എന്റെ എല്ലാമായിട്ടും പൂമ്പാറ്റയെപോലെ പാറിനടന്നിടാം*
*പിണക്കങ്ങൾ കൂടുമ്പോൾ  മരച്ചോട്ടിൽ  കരഞ്ഞിടാം*
*കൂട്ടുകൂടി  ആർത്തലടിച്ചും  നടന്നനേരം*
*ജീവിതം  സുന്ദരനിമിഷമാക്കിയ  കൂടാരം*
*എന്നും  ജീവിതത്തിൻ  കഥകൾ  പറഞ്ഞു  തരുന്ന എന്റെ വിദ്യാലയം*
*ശാസനകൾ കൂടുമ്പോൾ മനസ്സിൽ  നൊമ്പരങ്ങൾ*
*സൂക്ഷിച്ചു  വെച്ചിരുന്ന  നിമിഷങ്ങൾ*
*കുറെ ജീവനുകൾ ഒരറ്റ ജീവനായി ജീവിച്ചു തീർത്ത കാലം*
*ഉത്തരക്കടലാസിലെ ഉത്തരങ്ങൾ പങ്ക്വെച്ച ഓർമ്മകൾ*
*കുറുമ്പിന്റെയും  ,സ്നേഹത്തിന്റെയും നല്ല*
*ഓർമ്മകളുടേയും എന്നും എത്തിചേരാൻ കൊതിക്കുന്നിടം എന്റെ വിദ്യാലയം*

*ദീക്ഷിക പി.എസ്*
*IX A*

# HE HEZZ

*I wondered , I wondered*
*"Where am I" asked an invoice*
*Neither at home nor at school*
*Not in heaven,not in hell*
*"where am I then " asked to myself"*

*I couldn't get my parent's hands*
*I couldn't find my teacher's thoughts*
*I couldn't feel my friend's love*
*I couldn't know my fate – is it a hell ??*

*There stood a monster dragging me.....*
*There stood an angel welcoming me.....*
*where must I go ?*
*To the land of flowers or the one with*
*thorns??*

*Suddenly , drops of water from the sky...Is it rain is it rain*
*'Wondered my mother saying " get up "...............*
*O.................. It was a dream*
*A weird dream*

*snija v o*
*X A*

# കൃപ ചൊരിയുന്നവളേ


അന്നമാതാവേ,നിർമ്മല സുമമേ
എൻ ഉഷകാലകാവ്യം നീയേ
നിൻ തിരുമുമ്പിലണയും നീ-
ഞ്ഞങ്ങൾ തൻ കാരുണ്യം നീയേ,
ഞങ്ങളിൽ കൃപ ചൊരിയുന്നവളേ,

ഈ കുഞ്ഞുമക്കളെ നീ മാറോടു
ചേർത്തിടണേയെന്നും മാറോടു-
ചേർത്തിടണേ
എൻ അനുരാഗമയി നീ
വർഷമായി കൃപ ചൊരിയുന്നവളേ

വിശുദ്ധയാമെൻ അന്നേ
നിൻ പരിശുദ്ധിയിൽ നിറയുന്ന
ഈ  മക്കളെ കാത്തീടണേ,
അമ്മ തൻ മക്കളെ കാത്തീടണേ,
അന്നേ ധാരയായ് കൃപ ചൊരിയുന്നവളേ

നിൻ തിരുമുമ്പിൽ അണയുന്നവരേ
കാത്തീടണമേയമ്മേ ഓർത്തീടണമേ
ഞങ്ങളുടെ വിദ്യാലയ മധ്യസ്ഥയാം
എന്റെമ്മേ  കാരുണ്യവതിയാം
അമ്മേ കൃപ ചൊരിയുന്നവളേ

ആര്യ ദാസ്
XB



DEVIKA
VIII A

# ഞാൻ അക്ഷര മുത്തുകൾ കൊത്തിയെടുത്ത വിദ്യാലയം

അക്ഷരങ്ങൾ ചിത്രങ്ങളായിമാത്രം അനുഭവപ്പെട്ടിരുന്ന ഒരു പ്രായത്തിൽനിന്നും അക്ഷരങ്ങളെ തിരിച്ചറിയിച്ച വിദ്യാലയം ഞങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ള ഞങ്ങളുടെ സ്വന്തം സെന്റ് ആൻസ് സി ജി എച്ച്.എസ് സ്കൂൾ .രണ്ടാം വീടാണ് വിദ്യാലയം എന്നാണ് പറയുക .എന്നാൽ ഞങ്ങളെ സംബന്ധിച്ച് ഒന്നാമത്തെ വീടാണ് വിദ്യാലയം . കാരണം ,വീട്ടിലുള്ളതിനേക്കാളും കൂടുതൽ സ്നേഹവും കരുതലും സ്കൂളിൽനിന്നാണ് ഞങ്ങൾ അനുഭവിച്ചത് . വീട്ടിൽപഠിക്കാൻ വേണ്ടി മാതാപിതാക്കൾ ചെയ്തുതരുന്ന പ്രോത്സാഹനവും കരുതലും സിസ്റ്റർ . പവിത്ര ഞങ്ങൾക്ക് ചെയ്ത് തന്നിട്ടുണ്ട്. പഠനം രസകരവും വിജ്ഞാന പ്രദവുമാകാൻ കമ്പ്യൂട്ടർവത്കരിച്ച ക്ലാസ്സ്മുറികൾ സാധ്യമാക്കി

മറ്റേതൊരു സ്കൂളിൽ നിന്നും സെന്റ് ആൻസ് വ്യത്യസ്തമാക്കുന്നത് ഇവിടുത്തെ സിസ്റ്റേഴ്സും ടീച്ചേഴ്സുമാണെന്നകാര്യം അഭിമാനത്തോടെയും നിസംശയത്തോടെയും എവിടെയും എനിക്ക് പറയാനാവും.അവരെല്ലാം അക്ഷരാർത്ഥത്തിൽ ദൈവത്തിന്റെ കൈയൊപ്പുകളാണ് . അവരുടെ കറകളഞ്ഞ സ്നേഹവും സ്വാധീനവും എന്നും വീഴാതെ ,പതറാതെ ,നമ്മെ കൈപിടിച്ച് നടത്തുന്നു . വളരെപെട്ടെന്നു തന്നെ അവരെ മനസ്സിലാക്കാനും സ്നേഹിക്കാനും കഴിഞ്ഞത്അവരുടെ ഹൃദയവിശുദ്ധികൊണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നു .ഒരു തരം പോസിറ്റീവ് ഊർജമാണ് ഈ വിദ്യാലയത്തിന്. കുറച്ച് പേർക്കേ അത് ഇവിടെ നിന്നുകൊണ്ട് അറിയുവാനും ആസ്വദിക്കാനും കഴിഞ്ഞിട്ടുള്ളു എന്നതാണ് വാസ്തവം. എനിക്ക് ആ ഊർജ്ജം ഈ സ്കൂൾ പകർന്നു തന്നിട്ടുണ്ട് .ഇവിടുത്ത മരങ്ങളെയും പൂക്കളെയുമെലാം സൂഷ്മമായി വീക്ഷിക്കുന്ന ഒരാൾക്ക് അത് അറിയാനാകും എന്നത് തീർച്ചയാണ്.ഇവിടെ നിന്ന് പടിയിറങ്ങിയവർ ഏതെങ്കിലും ഒരു നാൾ തിരിഞ്ഞുനോക്കവെ തനിക്കു നഷ്ടപെട്ട ആ മധുരിക്കും ദിനങ്ങൾ ഒരിക്കലെങ്കിലും തിരിച്ചുവന്നിരുന്നെങ്കിലെന്നു ഒരു നിമിഷമെങ്കിലും ആഗ്രഹിച്ചുപോകും .

ഇതിനെല്ലാം ഉപരി എന്റെ മനസ്സിൽ തെളിയുന്നത് മറ്റൊരു കാര്യമാണ് .ഒരു കുട്ടിയെ സംബന്ധിച്ച് ആ കുട്ടിയുടെ ബുദ്ധിയുടെ തലം മാത്രം വളർന്നാൽപോരാ .സർവോത്മുഖമായ വികസമാണല്ലോ ,വിദ്യാഭാസത്തിലൂടെ നടക്കേണ്ടത് .നേതൃത്വപാടവം വളർത്തിയെടുക്കാൻ സ്കൂൾ പാർലിമെന്റും പ്രകൃതിയെ അറിയാൻ കൃഷിയെ പഠിക്കാൻ നിരവധി അവസരങ്ങളും സഹോദരങ്ങളുടെ വേദനകളിൽ പങ്ക്ചേരാൻ ധാരാളം അനുഭവങ്ങളും നൽകികൊണ്ട് ഞങ്ങളെ വളർത്തി ഞങ്ങളെ ഞങ്ങളായ് മാറ്റിയ ഈ ആത്മവിദ്യാലയത്തിനും ഇതിന് നേതൃത്വം നൽകിയ പ്രിയ ഹെഡ്മിസ്ട്രസ് സിസ്റ്റർ പവിത്രക്കും ടീച്ചേഴ്സിനും ആശംസകളർപ്പിച്ചുകൊണ്ട് ഹൃദയം നിറഞ്ഞ നന്ദിയോടെ .............

**ജിനി തോമസ്,X C**

## മൗനസംഗീതം

മെഴുകുപോൽ  എരിഞ്ഞുരുകുമീ
ഇരുൾ മുറിയിലെ ഏകാന്തവാസം
എന്നിലെ നിൻ  സ്മൃതികളെ
തട്ടിയുണർത്തുന്നു
അന്ന് കാലം തെറ്റിവന്ന
മഴയുടെ താളത്തിൽ നാം അലിഞ്ഞുചേർന്നതും,
നിനച്ചിരിക്കാതെ വന്ന ഇരുൾ
മേഘകീറുകൾക്കൊപ്പം നീയായതും
ഇറ്റിറ്റുവീഴുന്ന എന്നോർമയിലേയ്ക്ക്
ഓർമ്മകളെ കരിയിലപോൽ
ചുഴറ്റി വീഴുന്ന കാറ്റേ....
എനിക്കും നിനക്കും നടുവിലുള്ള
ഈ അനന്തമായ അകലം
എന്നെ നോക്കിയിട്ടട്ടഹസിക്കുന്നു
ഇന്ന്  ഞാനറിയുന്നു
കടം കൊണ്ടവാക്കുകളാൽ
എഴുതാൻ   ശ്രമിച്ച പാഴ്ശ്രമമായിരുന്നെൻ
പ്രണയമെന്ന്
എങ്കിലും,മോഹങ്ങളെ
വ്യാമോഹമാക്കിയെൻ സ്വപ്നമേ
കാതോർപ്പുനിൻ സ്വരത്തിനായ്......

ഗ്രീഷ്മ  ആർ കൃഷ്ണൻ
IX C

# ഹൃദയത്തിന്റെ ഉൾത്താളുകൾ

നാം ഓരോരുത്തരുടെയും ജിവിതത്തിൽ മറക്കാനാവാത്ത കാലഘട്ടമാണ് സ്കൂൾജീവിതം .സ്കൂൾ കാലഘട്ടങ്ങളിലെ പ്രധാന ഭാഗം സൗഹൃദമാണ് .

ഒരു നല്ല സുഹൃത്തിനെ കണ്ടുപിടിക്കുക എന്നുപറയുന്നത് വളരെ പ്രയാസം ഉള്ള ഒന്നാണ് . ജീവിതത്തിലെഒരു ഭാഗമാണ് നമ്മുടെ കൂട്ടുകാർ . നമ്മളെ മനസിലാക്കുന്നവരും സഹായിക്കുന്നവരുമാകണം കൂട്ടുകാർ .നമ്മൾ ചെയ്യുന്ന തെറ്റുകൾ കണ്ടെത്തി തിരുത്താൻ സുഹൃത്തുക്കൾക്കു കഴിയണം .

സൗഹൃദബന്ധത്തിൽ നിരന്തരമായി വരുന്ന ഒരു പ്രശ്നമാണ് വഴക്ക്. നെല്ലിക്ക ആദ്യം ചവർക്കും പിന്നെ മധുരിക്കും .അതുപോലെ പിണക്കത്തിൽനിന്നാണ് ഇണക്കങ്ങൾ ഉണ്ടാകുന്നത് .നമ്മളെ മനസ്സിലാക്കി നമ്മുടെ സന്തോഷത്തിലും സങ്കടത്തിലും പങ്കുചേരാൻ കഴിയുന്നവരാണ് കൂട്ടുകാർ . ചങ്ങാതി ഇപ്പോഴും നല്ലവരായിരിക്കണം

ചാവറയച്ചൻ പറയുന്നത്

'നിന്റെ കൂട്ടുകാർ ആരെന്നുപറയുക നീ ആരെന്നു ഞാൻ പറയാം'

എന്നാണ് .

നമ്മുടെ കൂട്ടുകാരിൽ കാണുന്നത് നമ്മെ തന്നെയാണ്

കൂട്ടുകാരെ തിരഞ്ഞെടുക്കുന്നതിൽ ശ്രദ്ധയുള്ളവരായിരിക്കണം .

നമ്മുടെ ഹൃദയത്തിന്റെ ഉൾത്താളുകളിലേക്ക് ഇറങ്ങി ചെല്ലാൻ കഴിയുന്ന വരാണ് യഥാർത്ഥ കൂട്ടുകാർ

"ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട"

ജോമോൾ വി.ജെ

IX A

# അമ്മ

വിരിഞ്ഞുകൊണ്ടിരിക്കേ വിരിയാത്ത
പുഷ്പം പോലെ
കാറ്റിൽ ആടികൊണ്ടിരിക്കുന്ന ഇലകൾ
ഏതോയാമത്തിൽ ആരോ തഴുകുന്ന പോലെ
പുണർന്നുകൊണ്ടിരിക്കെ ആ മാറത്തെ ചൂടിൽ

കിടന്നുറങ്ങിയ ആ യാമം
ഞാനോർക്കുന്നു ചീത്തയായ
ഫലത്തെ നിഷ്ഫലം കളയുന്നതുപോലെ
നമ്മൾ അമ്മയെ ആ സുന്ദരമായ
നിമിഷത്തെ കളയരുത്

നന്ദന എൻ.ജെ

**IX A**

# മക്കളെ മാപ്പ്_ സ്ത്രീ സുരക്ഷ ഇന്ന്

സ്ത്രീ സമൂഹത്തില ഉന്നതയാണ് . സ്ത്രീത്വം എന്നത് അപകീർത്തികരമാണ് എന്ന് കരുതിയിരുന്ന ഒരു കാലഘട്ടം നമുക്ക് ഉണ്ടായിരുന്നു . സ്ത്രീ, അവൾ കുടുംബങ്ങളുടെ അത്താണിയാണ് .അവൾ തന്റെ ജീവിതത്തിൽ പല കഥാപാത്രങ്ങളായി മാറുന്നുണ്ട്. സ്ത്രീ , അവൾ മകളാണ് , സഹോദരിയാണ് , ഭാര്യയാണ് , അമ്മയാണ്, അമ്മൂമയാണ്.ഒരു സ്ത്രീക്ക് മാത്രമേ തനിക്കു ചുറ്റുമുള്ളവരെ ഒന്നിച്ച് സ്നേഹത്തോടെ നയിക്കാൻ സാധിക്കുകയുള്ളൂ .എന്നിട്ടും സമൂഹത്തിനു മുന്നിൽ അവൾ എന്നുംഅവലംബയാണ് . സ്ത്രീത്വത്തെ മാനിക്കാത്ത ഒരു സമൂഹം ഇന്ന് വളർന്നുകൊണ്ടിരിക്കുകയാണ്.

' സ്ത്രീ ' എന്ന പദത്തിന്റെ അർത്ഥം മനസിലാക്കാതെ സമൂഹം അവളെ ചവിട്ടിതാഴ്ത്തുകയാണ് അവൾക്കു ലഭിക്കേണ്ട നീതിയോ , നന്മയോ ഒന്നും ആരും അവൾക്കു നല്കുന്നില്ല . രാത്രിസമയത്ത് ഒരു സ്ത്രീക്ക് ഒറ്റക്ക് പുറത്തിറങ്ങുവാനുള്ള സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ട കാലത്തു ഒരിക്കലും അവൾ സ്വതന്ത്ര്യയായിരുന്നില്ല സ്ത്രീകൾക്ക് ആവശ്യം സ്വാതന്ത്ര്യമാണ്. പുരുഷന് താഴെയാണ് അവളുടെ സ്ഥാനം എന്ന് കരുതിയിരുന്ന ലോകത്തിനു തെറ്റി. ഇന്ന് ഏതൊരു പദവികൾ എടുത്തുനോക്കിയാലും ആദ്യസ്ഥാനങ്ങൾ അലങ്കരിക്കുന്നത് സ്ത്രീകളായിരിക്കും.

എത്രയൊക്കെ സ്ത്രീത്വം പുരോഗമിച്ചു എന്ന് പറഞ്ഞാലും സ്ത്രീക്ക് പുരുഷന്മാരുടെ കണ്ണിൽ വെറും വീട്ടമ്മയുടെ സ്ഥാനമാണ്. സ്ത്രീത്വത്തെ മാനിക്കാത്ത ഒരു ജനസമൂഹം ഇന്ന് നാൾക്കുനാൾ വർധിച്ചുകൊണ്ടിരിക്കുമ്പോൾ സ്ത്രീ സുരക്ഷാ നഷ്ട്ടമായിക്കൊണ്ടിരിക്കുകയാണ്. ധൈര്യമായി പുറത്തിറങ്ങുവാനുള്ള സ്വാതന്ത്യം എന്ന് അവൾക്ക് ലഭിക്കുന്നുവോ അന്നാണ് അവൾ സുരക്ഷിതയും സ്വതന്ത്രയുമാകുന്നുള്ളൂ. സ്വന്തം കുടുംബത്തിൽ പോലും സുരക്ഷതയല്ല ഇന്ന് .സ്ത്രീ ഭർത്താവിനാലും, മക്കളാലും,പിതാക്കന്മാരാലും അവൾ ചൂഷണം ചെയ്യപ്പെടുകയാണ്.

അടുക്കളയുടെ നാല് ചുമരുകൾക്കുള്ളിൽ തഴയപ്പെട്ട് ഒതുങ്ങേണ്ടതല്ല അവളുടെ ജീവിതം എന്ന് നമ്മെ പഠിപ്പിച്ച എഴുത്തുകാരിയായ മാധവിക്കുട്ടി, സ്വന്തം ജീവിതത്തിലൂടെ പോരാടി സ്ത്രീവിജയം നേടിക്കൊടുത്ത ഝാൻസി റാണി, സ്ത്രീക്ക് വീട്ടുകാരിയുടെ റോൾ മാത്രമല്ല നല്ല രാഷ്ട്രീയക്കാരിയാകും എന്ന് പഠിപ്പിച്ച ഇന്ദിര ഗാന്ധി, മേദ്ക്ക പട്കർ തുടങ്ങിയവർ സ്ത്രീ ഉന്നമനത്തിനായി വളരെ പോരാടിയവരാണ്.

*ഇത്രയേറെ സ്ത്രീകൾക്ക് സ്ഥാനങ്ങൾ ഉണ്ടായിട്ടും ദിനം പ്രതി സ്ത്രീ പീഡനങ്ങളും, സ്ത്രീ മരണങ്ങളും കൊലപാതകങ്ങളും ഏറിവരുന്നു. അവസാനമായി ഡൽഹിയിൽ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ട് കൊല ചെയ്യപ്പെട്ട " ആലീഫ " എന്ന കൊച്ചുപെൺകുട്ടി ഇന്നും മായാത്ത ഓർമയും തോരാത്ത കണ്ണുനീരുമാണ്. പെരുമ്പാവൂരിൽ ഒരു സൗമ്യ കൊലചെയ്യപ്പെട്ടപ്പോൾ ഇനി ഒരു സൗമ്യ കൂടിഉണ്ടാകരുത് എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയുംപ്രാർത്ഥിക്കുകയുംചെയ്തവരാണ് നമ്മളിൽ പലവരും. സമൂഹത്തിന്റെ ഏതു തട്ടിൽ ഉള്ളസ്ത്രീകളാണെങ്കിലുംഅവൾ താഴ്ന്നവളായാലും ഉന്നതയായാലും പുരുഷവർഗ്ഗത്തിലെ സ്വഭാവം അവളെ വെറും ശരീരമായി മാത്രമേ കാണുന്നുള്ളൂ.*

*അമ്മ - പെങ്ങന്മാരുടെ വില മനസ്സിലാക്കിയോ, മനസിലാക്കാതെയോ അവർ സ്ത്രീകളെ ആക്രമിക്കുന്നു. സ്ത്രീകളുടെ സുരക്ഷക്കായി പോരാടുന്ന പകൽ മറയത്തെ മാന്യന്മാർ ഇരുട്ടിലാണ് തങ്ങളുടെ ചെന്നായ കുപ്പായം വലിച്ചെറിയുന്നത്. പകൽ വെളിച്ചത്തെ മാന്യന്മാർ ഇരുട്ടെ മറയാക്കി പീഡനമുറകൾ അഴിച്ചു വിടുമ്പോൾ സ്ത്രീ അവിടെ പരാജിതയാകുന്നു. അവളെ സംരക്ഷിക്കേണ്ട കരങ്ങൾ തന്നെ അവളെ ചതിക്കുമ്പോൾ സമൂഹത്തിന്റെ മാന്യതക്ക് പുരുഷമേധാവിത്വത്തെ അഭിമാനത്തിനും മാനകേടാക്കുന്നു.*

*സ്ത്രീ സുരക്ഷക്ക് ഏറ്റവും പ്രാധാന്യം കല്പിക്കേണ്ട കാലഘട്ടമാണ് ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ട്. സ്ത്രീകൾക്ക് നേരെ നടമാടിക്കൊണ്ടിരിക്കയുന്ന ഈആക്രമണം ഇല്ലാതാകേണ്ടത് ഇന്നത്തെ സമൂഹത്തിന്റെയും നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. സ്ത്രീകളെ സംരക്ഷിക്കാൻ നിർഭയ, അഭയ, പോലുള്ള പല സ്ഥാപനങ്ങളും സന്നദ്ധരായി മുന്നോട്ടു വരുന്നത് മൂലം സ്ത്രീപീഡനങ്ങളനുഭവിക്കുന്ന സ്ത്രീകളുടെ ആത്മഹത്യക്ക് ഒരു പരിധി വരെ ആക്കം കുറച്ചു. സ്ത്രീകൾ എത്രത്തോളം സുരക്ഷിതയാകണം എന്ന് ആഗ്രഹിക്കുന്നുവോ അതിനേക്കാൾ ഏറെ അവൾ ചവിട്ടിരക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.*

*സ്ത്രീത്വത്തെ മനസിലാകാത്ത കാപാലികളെ സമൂഹത്തിന് വിട്ടുകൊടുക്കണം. ഒരു കോടതിയും അവർക്കുള്ള ശിക്ഷ വിധിക്കരുത് കാരണം അവർക്കുള്ള ശിക്ഷ വിധികേണ്ടത് സമൂഹത്തിലെ സ്ത്രീകളാണ്. സ്ത്രീത്വത്തിന്റെ വിലഏതെന്ന് അവരെ ശരിക്കും പഠിപ്പിക്കണം. ഒരിക്കലും ഗോവിന്ദചാമിയെ പോലെയുള്ള ജയിൽ ശിക്ഷ ലഭിച്ചാൽ ലോകം നന്നാവില്ല. ഒരു സാധാരണ പെൺകുട്ടിയെ ഇരുട്ടിന്റെ മറവിൽ ആ ഒറ്റക്കയ്യൻ പിച്ചിച്ചീത്തിയപ്പോൾ ലോകംഅവനെ മൃഗം എന്ന് വിളിച്ചു.*

*ഒരു പാവം പെൺകുട്ടിയെ പീഡിപ്പിച്ചവന് ലോകത്തിൽ ലഭിക്കുന്ന പ്രസക്തിയും , പ്രാധാന്യവും എന്ന് ഇല്ലാതാക്കി അവനൊക്കെ തക്ക ശിക്ഷ നൽകുമ്പോൾ മാത്രമേ മറ്റ് കാപാലികർക്ക് ഒരു പാഠമാകു.*

സ്ത്രീകളെ ബഹുമാനിക്കാൻ കുട്ടിക്കാലം മുതൽക്കേ മാതാപിതാക്കൾ മക്കളെ പരിശീലിപ്പിക്കണം എങ്കിൽ മാത്രമേ നാളെ മറ്റൊരു ആലിഫയും ,സൗമ്യയും ,നിർഭയയും ഇല്ലാതാകുകയുള്ളൂ.

സ്ത്രീകൾ ശക്തിപ്രാപിച്ച സമൂഹത്തിൽ അധികാരം നേടിയെടുക്കണം തങ്ങളെ ആക്രമിക്കാൻ വരുന്നവരെ തിരിച്ച നേരിടാനുള്ള കഴിവ് അവർ ആർജിച്ചെടുക്കണം .ഒരുത്തനും ഒരു സ്ത്രീയെയും തൊടാൻ ധൈര്യപ്പെടരുത്.

ഇനിയൊരു 'അലിഫയും 'സൗമ്യയും ' ജനിക്കാൻ നമ്മൾ ഇടവരുത്തരുത്.സ്ത്രീക്ക് നേരെയുള്ള ആക്രമണം അത് എന്ന് ഇല്ലാതാകുന്നുവോ , അന്നേ അവൾ സുരക്ഷിതയാവൂ. പുരുഷവർഗം എന്ന് സ്ത്രീത്വത്തെ മാനിക്കുന്നുവോ അന്ന് സമൂഹം മാറും .' സ്ത്രീ ' അവൾ വഹിക്കുന്ന സ്ഥാനകൾ മാനിച്ച അവളെ കൂടുതൽ ശക്തയാക്കാം. അവളെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണുള്ള തിരിച്ചറിവ് എന്ന് സമൂഹം മനസിലാകുന്നുവോ അന്ന് സ്ത്രീത്യം ബഹുമാനിക്കപെടും. അന്ന് അവൾ സ്വതന്ത്ര്യയാകും. ഇന്നുവരെ പീഢനങ്ങൾ ഏറ്റ് വാങ്ങി മരണം വഹിച്ച എല്ലാസ്ത്രീത്വത്തിനും മുന്നിൽ പ്രണാമം അർപ്പിച്ചുകൊണ്ട് ഇനി ഒരു സ്ത്രീയും പീഡിപ്പിക്കപ്പെടരുത് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**പ്രിന്റമരിയപോൾ IXA**

# NOBILITY OF FLOWERS

Flower, the Fragrance of the World


There are so many flower

like Lilly, Jasmine,Rose,Mariegold and so on of

different colour, beauty, smell, size........

Flowers differ from climate and region

Each Flower has it's on beauty and fragrance



The biggest Flower Raflashia occupies the Kingship

Fragrance, colour, beauty, size, makes each flower differ

Most Flowers are related to natural Movements

Sunflower blows, in the moonlight

Flowers makes a dirty place, a good place

We use Flowers for Decoration, Celebration and in Death.

Flowers can create a love,peace and harmony

The famous poet Sarojini Naidu's dreams are like poppy Flowers

Beautiful ladies were often

compared to beautiful flowers

Sometimes we make chains using flowers

The growing stages are very beautiful that,

it can make happiness good mind in younger ones to older persons

in short, flowers are the affection of god and a thing of high rank by birth

അഞ്ജു സി.ബി,XA

# അമ്മ കരുതൽ.....



# ഓർമ്മക്കുറിപ്പ്

സ്നേഹമേകുന്ന വാക്കുകളായ -
വായാടി പെണ്ണെ നീ എങ്ങുപോകുന്നു .
കളിചിരിമായാത്ത നിൻ പ്രവർത്തികൾ
എന്നിൽ ചൊരിഞ്ഞ നിമിഷം
അറിയാതെ ഇഷ്ട്പെട്ടുപോയി ഞാൻ
നിൻ കളിചിരിമായാത്ത ഓർമ്മകൾ
മായില്ല നിൻ പ്രവൃത്തികൾ
പോകില്ല നിൻ വാക്കുകൾ എന്നിൽ നിന്ന്
ചൊല്ലിത്തന്ന നിൻ വാക്കുകൾ
ഇരുട്ടിൽ പോലും പ്രകാശമായി -
നേർവഴി കാണിച്ചുതന്ന കൂട്ടുകാരി
നീ എൻ കൂട്ടുകാരി .
മറക്കുകയില്ല ഒരിക്കലും നിന്നെ
ഞാൻ എന്റെ ജീവിതകാലം മുഴുവൻ
ഓർത്തിരിപ്പൂ എൻ പ്രിയ കൂട്ടുകാരി .
കണ്ണിൽ എണ്ണയൊഴിച്ച് കാതോർത്തിരിപ്പൂ
എന്നും നിൻ വിളിക്കായി .

ആൻ മരിയ സജി X A

# എന്നും ആ പുഞ്ചിരി

*ജീവിതത്തിൻ പരാജയങ്ങളിൽ*
*ചിരിക്കാൻ  പഠിപ്പിച്ചവൾ*
*അനാഥയാമെനിക്കി  സ്നേഹം നൽകിയവൾ*
*എൻ അരികിൽ നിഴൽ പോൽ ഇരിക്കുന്നവൾ*
*എൻ മിഴി തേങ്ങിതൻ നിമിഷം*
*അവൾ ഉള്ളം തേങ്ങും*
*ഏതോ വഴിയാത്രയിൽ എന്നൊപ്പം കൂടിയവൾ*
*നിശ്ചലമീ ലോകത്തിൽ അവൾ മാഞ്ഞു പോയി*
*എന്നോടൊന്നും പറയാതെ*
*വിദ്യാലയത്തിൽ എത്തും നിമിഷം*
*അവളുടെ സുന്ദരമാം മുഖത്തെ*
*പുഞ്ചിരി ഞാൻ ഓർക്കും*
*പൂമ്പാറ്റ പോലെ പറന്നു നടന്നവളെ*
*ചെന്നായക്കൂട്ടം പിച്ചികീറി*
*ഇന്നീ ലോകത്തെ പുഞ്ചിരിയെല്ലാം*
*ചെന്നായക്കൂട്ടം കവർന്നെടുത്തു*
*എൻ പ്രിയ കൂട്ടുകാരി ഏതു തെറ്റ് ചെയ്തെന്നറിയില്ല*
*അവളെ പിച്ചികീറാൻ*
*ഉള്ളു പിടഞ്ഞു  നിമിഷ നേരം*
*അവൾ ലോകത്തു നിന്ന് മാഞ്ഞു പോയി*
*സുന്ദരമാറുന്ന പുഞ്ചിരി*
*അവളിൽ നിന്ന് കവർന്നു എടുത്ത*
*നീചർ ഇന്നും ഈ ലോകത്ത് പുഞ്ചിരിക്കുന്നു*
*എൻ കൂട്ടുകാരിക്ക് പറ്റിയപോലെ*
*ഒരു പെണ്ണിനും*
*സംഭവിക്കാതിരിക്കട്ടെ*
*എന്നും എൻ ഉള്ളിൽ ആ പുഞ്ചിരി മാത്രം*

# വിട പറയുമ്പോൾ

മനസിന്റെ ആർദ്രമാവും തേങ്ങലോടെ
മിഴിനീരിൽ പൊലിയുന്ന വെമ്പലോടെ
ഹൃദയ ദുഃഖങ്ങൾ നിറയുന്നിതാ
വിട പറയുമീ നിമിഷത്തിൽ
ഒരു വാക്ക് മിണ്ടാനാകാതെ
ഇടറുന്ന ധ്വനിയുടെ തരംഗിണികൾ
തളരുന്ന എന്മനം ശക്തി തന്നെ
ഒരിക്കലും കാണില്ലെന്നറിഞ്ഞുകൊണ്ടോ
ഒരിക്കലും പിരിയില്ലെന്നറിഞ്ഞുകൊണ്ടോ
മനമാകെ ഉരുകുന്ന തീകനലിൽ
സൗഹൃദത്തിൻ അമൂല്യമാം നിധി
എന്നിലുണ്ടാകുമെന്നുമെന്നും
മനസിന്റെ കോണിൽ പിടയുമാബദ്ധത്തെ
അടർത്തുവാൻ കഴിയില്ല മറ്റൊരാൾക്കും

***കാർത്തിക.വി XC***

# കൂട്ടുകാരി

താങ്ങായി തണലായ്
ജീവിതപാതയിൽ ഒരു
സ്നേഹകരസ്പർശമായി
നിഴലായി കൂടെ നടക്കും
കൂട്ടുകാരി
ഒരുകണ്ണാടിയായി
കള്ളം പറയാതെ
പൂവിനു പൂമ്പാറ്റയായി
എപ്പോഴും കുടെ നടക്കും
വിളക്കിലെ തിരിനാളമായി
ഒരിക്കലും അണയാതെ
കൂടെ നടക്കും കൂട്ടുകാരി
സ്വന്തം കൂട്ടുകാരി
സന്തോഷം പങ്കുചേർന്നു
ദുഃഖങ്ങൾ  പങ്കുവയ്ക്കാൻ
കൈകോർത്തു  പിടിച്ച
സഹോദരിയായി കൂടെ നടക്കും



കൂട്ടുകാരി ,സ്വന്തം കൂട്ടുകാരി

# നനയാതെ പോയ മഴ

ലോകത്തിലെ അവിസ്മരണീയമായൊരു അനുഭൂതിയാണ് മഴ. തുലാമാസത്തിലെ മഴയാണ് ഓർക്കാനേറെ ഇമ്പമുള്ളത്.നാട്ടിൻപുറത്ത് താളത്തിൽ വീണുകൊണ്ടിരിക്കുന്ന മഴയെ ഞാനും ഓർക്കുന്നു. പടിഞ്ഞാറെൻ ചക്രവാളത്തിലെ കാർമേഘവും കാറ്റുമാണ് മഴയെ വരവേൽക്കാനൊരുങ്ങുന്നത്. മഴയെ ഓർക്കുമ്പോൾ പലതും സ്മരണകളാണ് പലർക്കും. കുട്ടിക്കാലത്തെ ഓർമ്മകളിലൂടെ കടന്നുപോകാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

മഴ നനയാനും മഴയത്ത് കടലാസ് വഞ്ചിയൊരുക്കാനും ഞാൻ ഏറെ ഇഷ്ടപ്പെടുന്നു. കാറ്റിനെയും കടലിനെയും ഏറെ ഇഷ്ടപ്പെട്ടവളാണ് മഴ. ഇഷ്ടമാണ് മഴയെ അന്നും ഇന്നും എന്നും.

നന്ദന എൻ.ജെ IX A

# മാതൃത്വം



കുഞ്ഞിളം നാവിൽ നിന്നാദ്യമായ്
കേൾക്കുന്ന ആദ്യാക്ഷരങ്ങളാണമ്മ
പൊന്നുണ്ണി തൻ കാതിൽ
അമ്മമാർ ഓതുന്ന മാത്രാക്ഷരങ്ങളാണച്ചൻ
താരാട്ടു പാട്ടിനു അമ്മിഞ്ഞ നൽകാനും
നല്ല വഴികളിൽ നമ്മളെ നയിക്കുന്ന
ദൈവമാണല്ലോ 'അമ്മ
എത്ര വിളിച്ചാലും മതിവരുന്നില്ലെ
അർത്ഥക്ഷരമായ 'അമ്മ
നമ്മുടെ ജീവിതം നല്കിയതാണമ്മ
നമ്മൾ ഓർക്കുക എന്നും

***അക്ഷയ കെ IX A***

# തിരിച്ചുപോക്ക്

ഇനി തിരിച്ചു വരവ് പ്രതീക്ഷിച്ചതല്ല . പക്ഷെ നമ്മൾ എന്തുവിചാരിച്ചാലും കാലം അത് ശരവേഗത്തിലാണല്ലോ പായുന്നത് . തീരെ താല്പര്യമില്ലാതെയാണ് ജോൺ തന്റെ ജന്മനാട്ടിലേക്ക് പോരുവാൻ എയർപോട്ടിൽ എത്തിയത്. ഒറ്റക്കാണ് തന്റെ മടക്കം . ആറുവർഷം മുൻപ് അവിടെ നിന്നും പോരുമ്പോൾ നിറകണ്ണുകളോടെ തന്നെ യാത്രയാക്കിയ അമ്മച്ചിയെ അവസാനമായി കാണാനുള്ള യാത്രയിലായിരുന്നു ജോൺ . അമ്മച്ചിയുടെ അസുഖം കൂടുതലാണെന്നു അനിയൻ എബി വിളിച്ചുപറഞ്ഞപോഴും തനിക്ക് വരുവാനോ അമ്മച്ചിയെ കാണുവാനോ ഒട്ടും താല്പര്യം ഉണ്ടായിരുന്നില്ല .പണം സമ്പാധിക്കുവാനുള്ള അത്യാഗ്രഹം എന്നുമുതൽ തന്നെ പിടികൂടിയോ അന്നുമുതൽ താൻ ബന്ധങ്ങൾ മറന്നു തുടങ്ങി എന്ന് ജോൺ ഓർത്തു .



അപ്പൻ മരിക്കുന്ന നേരത്തു അമ്മച്ചിയേയും ചേച്ചിയെയും അനിയനെയും എന്നെയാണല്ലോ ഏല്പിച്ചിരുന്നത് .ഒടുവിൽ ആ താൻ തന്നെ അവരെ ഉപേക്ഷിച്ചു . അപ്പന്റെ അവസാനവാക്ക് ഓർത്തപ്പോൾ തന്റെ കണ്ണുകൾ നിറഞ്ഞോ എന്ന് അവൻ സംശയിച്ചു . അറിയുവാനായി അവൻ തന്റെ കണ്ണുതുടച്ചു . കടലിനക്കരെ തന്റെ അമ്മച്ചിയെ കാണുവാനായി പോകുന്ന ഒരു മകന്റെ സന്തോഷമല്ല ആ മുഖത്തുണ്ടായിരുന്നത് . തന്റെ തിരിച്ചുവരവ് കാത്തിരുന്ന ആ അമ്മച്ചിയുടെ ചേതനയറ്റ ശരീരം കാണുവാനാണ് തന്റെ യാത്രയെന്ന് ഓർത്തപ്പോൾ ജോണിന്റെ ഉള്ളൊന്നു പിടഞ്ഞു .

ഇഷ്ടപ്പെട്ട പെണ്ണിനെ വിവാഹം ചെയ്യുന്നതിൽ ആരും ഒരു എതിർപ്പും കാണിച്ചില്ല . അമ്മച്ചി ജെസ്സിയെ സ്വന്തം മകളായിട്ടാണ് കണ്ടത് . എന്നാൽ പണത്തിന്റെ ആർഭാടത്തിൽ ജീവിച്ച അവൾ ഞങ്ങളുടെ കുടുംബ സാഹചര്യവുമായി ഒത്തുപോയില്ല . അമേരിക്കയിലുള്ള അവളുടെ ഡാഡിയും മമ്മിയും മകളെ അവളുടെ ഇഷ്ട്ടത്തിനാണ് വളർത്തിയത് . തന്റെ കുടുംബത്തിന്റെ വിളക്കായി മാറും എന്ന് വിചാരിച്ചവൾ തന്റെ കുടുംബബന്ധത്തെ തകർക്കുകയാണ് ചെയ്തത് . അവളുടെ മാതാപിതാക്കളുടെ കഴിവ് ഉപയോഗിച്ച് എനിക്കും അവൾക്കും അവിടെ ഒരു ജോലിതരമാക്കി .

അവളെ പിരിയാൻ ഇഷ്ട്ടപെടാത്തതു കൊണ്ട് താനും അവളോടൊപ്പം പോകാൻ തയ്യാറായപ്പോൾ നിറകണ്ണുകളോടെ യാത്രയാക്കിയ അമ്മയെ പിന്നീട് എങ്ങനെയാണ് താൻ മറന്നത് . ഇന്ന് ജീവനറ്റു മോർച്ചറിയിൽ തന്റെ പ്രിയ മകന്റെ വരവും കാത്തു കിടക്കുന്ന ആ അമ്മയെ കാണുവാനുള്ള ശക്തി തനിക്കുണ്ടോ എന്ന് ജോൺ തന്റെ മനസ്സിനോട് ചോദിച്ചു . അതിനുള്ള ഉത്തരം എന്തെന്ന് പറയുവാൻ അവന്റെ മനസ്സിനും കഴിഞ്ഞില്ല .

അവന്റെ ഓർമകളെ മുറിച്ചുകൊണ്ടാണ് അനോൺസ്മെന്റ് വന്നത് . ഒരിക്കൽ കൂടി തന്റെ ജന്മനാട്ടിൽ എത്തിയെന്നുള്ള ബോധ്യം ജോണിന്റെ ഉള്ളിൽ വന്നു . സിറ്റ് ബെൽറ്റഴിച്ച് അവൻ വിമാനത്തിൽ നിന്നും ഇറങ്ങി . എയർപോട്ടിൽ തന്നെ കാത്തു നിന്ന സുഹൃത്തുക്കളെ കണ്ടു അവൻ കൈവീശി കാണിച്ചു . പഴയ സ്നേഹിതന്മാരേ കണ്ടപ്പോൾ ജോൺ തന്റെ കുട്ടിക്കാലം ഓർത്തു . ബാഗുമെടുത്ത് കാറിൽ കയറിയപ്പോഴും അവന്റെ നെഞ്ച് വിങ്ങികൊണ്ടിരുന്നു . വീട്ടിലേക്കുള്ള വളവിൽ കാർ തിരിഞ്ഞപ്പോൾ പുറത്തു കെട്ടിയിരിക്കുന്ന തന്റെ അമ്മയുടെ ഫ്ളക്സ് കണ്ടു ജോൺ ഞെട്ടി. ആറു വർഷം ആയിട്ടുള്ളുവെങ്കിലും അമ്മയുടെ തലമുടിക്കും അമ്മയുടെ മുഖത്തിനും വന്ന മാറ്റം അവൻ ശ്രദ്ധിച്ചു .പ്രസരിച്ച് നിറചിരിയുമായി എന്നും തന്നെ കാത്തുനിന്നിരുന്ന ആ അമ്മയുടെ അരികെ എത്തിയപ്പോൾ അറിയാതെ അവനും കരഞ്ഞുപോയി . അമേരിക്കകാരന്റെ യാതൊരു പ്രതാപവും കാണിക്കാതെ അവൻ അമ്മയുടെ കാൽക്കൽവീണ് മാപ്പിരുന്നു . പണത്തേക്കാൾ ഏറെ തന്നെ സ്നേഹിച്ചിരുന്ന അമ്മയ്ക്കു അവൻ അവസാനമായി ഒരു മുത്തം നൽകി, ഒപ്പം ഇനിയൊരു മടക്കം ഇല്ലെന്നുള്ള ഒരു ഉറപ്പും , നൽകികൊണ്ട് അവൻ അമ്മച്ചിയുടെ
കുഴിമാടത്തിലേക്കു അവസാനപിടി മണ്ണും സമർപ്പിച്ചു .
ഒരു അമേരിക്കക്കാരൻ മകന്റെ അവസാനത്തെ സമ്മാനം .

പ്രിൻറ്റു മരിയ പോൾ

***IX A***

# പുഞ്ചിരി പൂക്കളെന്നമ്മ

*നെഞ്ചിലെ  പാലാഴി*
*എന്നിലേക്കിറ്റിച്ച്*
*പുഞ്ചിരിതൂകുന്നതമ്മ .......*
*മുന്നോട്ട് ഞാൻ എന്റെ*
*കാലടികൾ വയ്ക്കുമ്പോൾ*
*പിന്നിലൊരു  പ്രാർത്ഥന 'അമ്മ ......*
*കൈ വന്നതൊക്കെ*
*കളഞ്ഞുപോയി  നില്ക്കമെൻ*
*കണ്ണീർ തുടപ്പതും  'അമ്മ .....*
*അതിലെ പുഞ്ചിരിപൂക്കളെന്നമ്മ.....*
*ഉള്ളിലെ കരുതലാണെന്നമ്മ*
*മണ്ണിലെ  നേരിന്റെ  സ്നേഹമാണമ്മ*
*കൈവിട്ടുപോകല്ലേ*
*കണ്ണീരു തൂവല്ലേ....*
*കാലമെൻ കൈകളിൽ*
*കാണിക്കയായി തന്ന*
*പുണ്യമാണെന്നുമെൻ  'അമ്മ*
*എൻ പുണ്യമാണെന്നുമെൻ  'അമ്മ*

*ഗ്രീഷ്മ സി.കൃഷ്ണൻ*
*IX C*

# ഒരു പ്രളയ കാഴ്ച



# വേഴാമ്പലിനെപോലെ



പടിവാതിലിൽ ചാരി നിൽക്കുകയായി
ഞാൻ
പാതി തീരത്തെൻ മോഹങ്ങളുമായി
ആരോ ദൂരെ നിന്നും വരുന്നുണ്ടെന്നും
കരുതി
ആശയോടുകൂടി കാത്തിരുന്നു ഞാൻ
ഏകാന്തയാമത്തിൽ പൂർണേന്ദുവിനെ
നോക്കി നിൽക്കുമ്പോഴും ഇളംതെന്നലെൻ
മുടിയിഴയിൽ തൊട്ടു തലോടുമ്പോഴും
ആരോ മന്ത്രിച്ചെൻ കാതുകളിൽ
ആർക്കുവേണ്ടി നീ കേഴുന്നൊരു
വേഴാമ്പലിനെപോലെ
ദാഹിച്ചു വലഞ്ഞോരു
വേഴാമ്പലിനെപ്പോലെ

നിയ ജോൺ

# അഭിമാനതാരങ്ങൾ

## സംസ്ഥനതല ഹൈസ്കൂൾ വിഭാഗം പ്രവൃത്തി പരിചയമേളയിൽ എ ഗ്രേഡ് കരസ്ഥമാക്കിയവർ



ഫെലൻ മരിയ റെയ്മണ്ട്
(സ്റ്റഫ്ഡ് ടോയ്സ്)



ഹെലൻ വി എ
(ചോക്ക് മേക്കിങ്ങ് )



കീർത്തി സുധീഷ്
(അംബ്രല്ലാ മേക്കിങ്ങ് )



അതുല്യ കെ.എസ്
(ഗാർമെൻറ് മേക്കിങ്ങ്
ബിഗ്രേഡ്)



സംസ്ഥാന അക്വാട്ടിക്സ് ചാമ്പ്യൻഷിപ്പിൽ 4*100 മെഡിലെ റിലെയിൽ 3-ാം സ്ഥാനം നേടിയ വൈഷ്ണവ്കെ.ദിനേശ്



തൃശ്ശൂർ റവന്യൂ ജില്ല കായിക മേള ജൂനിയർ വിഭാഗം ജാവലിൻത്രോ യിൽ
രണ്ട-ാം സ്ഥാനം നേടിയ
നിരഞ്ജന എസ്.നായർ

# രാത്രിയുടെ യാമങ്ങളിൽ:-



# വഴിതെറ്റാൻ സഹായിക്കുന്ന വഴികൾ



ലോകം എന്നത് വളരെ വലുതാണ്, ലോകത്തിന്റെ ഒരു കോണിലിരുന്ന് മറ്റേ അറ്റത്ത് വ്യക്തിയെ കാണുക എന്നത് ഈ കാലഘട്ടത്തിൽ വളരെ എളുപ്പവുമാണ്. ഇന്നത്തെ ജനങ്ങൾ ബഹുമാനവും അംഗീകാരവും ആഗ്രഹിക്കുന്നു. വികസനം കൂടിയപ്പോൾ അഹങ്കരിക്കുകയും ചെയ്യുന്നു. കമ്പ്യൂട്ടറും മൊബൈലും ലാപ്ടോപ്പും ഇല്ലാത്തവർ ഇക്കാലത്തു വളരെ ചുരുക്കമാണ്. ഈ പാതകളിൽ തെന്നി വീഴുന്നത് പല ജീവനുകളാണ്. വീട്ടിലുള്ള ഒരാൾ കൂട്ടുകാരോട് സംസാരിക്കുകയാണ് എങ്കിൽ പോലും ചാറ്റിംഗിലും വിഡിയോകോളിങ്ങിലും സ്കൈപ്പിലുമെല്ലാം കാണുന്ന സംസാരിക്കുന്ന യുവജനങ്ങളാണ് അധികം. മൊബൈൽ ഫോണിലൂടെയുള്ള ബന്ധങ്ങൾ വളരുന്നു. ആ സുഹൃത്തിന്റെ മുഖം പോലും കാണാത്തവർ ഒരു ദിവസത്തിന്റെ മുക്കാൽ ഭാഗവും അവരുമായി സംസാരികയാണ് ആഗ്രഹിക്കയുന്നു. വിദ്യാർത്ഥികളാണ് ഈ വിഷയത്തിന് അടിമകൾ. മക്കൾ പരീക്ഷയിൽ ജയിച്ചു. ഉടൻ വാങ്ങികൊടുക്കുകയാണ് സ്മാർട്ഫോൺ,ടാബ് എന്നിവ വാങ്ങികൊടുത്ത് മാതാപിതാക്കൾ തന്നെ ചിലപ്പോൾ കുട്ടികളെ നശിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അതിന്റെ ഭൂരിപക്ഷവും പുതുതലമുറയുടെ തോന്നിവാസങ്ങളുടെ ഫലമാണ്. ഫേസ്ബുക്കിലാണെങ്കിലും നല്ല സൗഹൃദത്തോടെ സംസാരിക്കുന്നവർ വളരെ കുറവുപേരാണ്. പക്ഷെ ഫേസ്ബുക്ക് ദുരുപയോഗത്തിനെ മാത്രം ഉപയോഗിക്കുന്നവർ ഇന്ത്യയിൽ ഭൂരിഭാഗവും ഉണ്ട്. നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കേണ്ടവ ഇത്തരത്തിൽ ദുരുപയോഗം ചെയ്യുന്നത് തെറ്റാണ്. അത്യാവശമായി ഒരു സന്ദേശം എത്തിക്കാൻ വാട്സപ്പ് ഉപയോഗിക്കാം. തെറ്റിനെതിരെ പൊരുതാൻ ഫേസ്ബുക്കും. വർഷങ്ങളായി കാണാതിരുന്നവരെ സഹായിക്കാൻ ഒരു സ്കൈപ്മുണ്ട്. എന്നാൽ ഇതിനെയെല്ലാം മറ്റൊരു രീതിയിലേക്ക് കൈകാര്യം ചെയ്യുന്ന പുതുതലമുറയുമുണ്ടേ. ഇതിലൂടെയെല്ലാം പകുതി ജനങ്ങളും ഇന്റെർനെറ്റിനെയും സോഷ്യൽ മീഡിയയും വെറുത്തു കഴിഞ്ഞു. ഇതിനെല്ലാം ഒരു മാറ്റം വരുത്തണം. നമുക്ക് ഒന്നായി സോഷ്യൽ മീഡിയയും മറ്റു നല്ല രീതിയിൽ ഉപയോഗിക്കാം

*ജയശ്രീ.ആർ IXC*

# ഞാൻ ഓർമിക്കും ഇന്നുമെന്നും

സ്നേഹിച്ച നിൻ വാക്കുകൾ
എൻ അമ്മെ അക്ഷരതാഴുക -
ളിൽ കെട്ടിയിട്ടുനിന് പ്രവർത്തികൾ
അമ്മ ചെറുപ്പം മുതൽ
കാണിച്ചുതന്ന നിൻ നന്മകൾ
ഓർമ്മിപ്പു ഞാൻ ഇന്നുമെന്നും .
നീ പോയപ്പോൾ മനസിലാകയാ-
ൽ നിൻ സ്നേഹത്തിൻ ആഴം
നിന്നെ പിരിഞ്ഞിരിക്കുവാൻ
കഴിയില്ലെന്നൊരു സത്യം
അന്ന് പെരുന്നാളിൽ പന്തു
തട്ടിക്കളിച്ചതും സ്നേഹത്തിൻ
മാധുര്യം എന്നിൽ നിറച്ചു

എന്നും ഞാൻ ഓർമ്മിപ്പു ഇന്നുമെന്നും

# കടപ്പാട്



**ഡിജിറ്റൽ മാഗസിൻ**
**യാഥാർത്ഥ്യമാക്കാൻ സഹായിച്ച**
**എല്ലാ ലിറ്റിൽ കൈറ്റ്സ്**
**അംഗങ്ങൾക്കും നേതൃത്യം നൽകിയ**
**അജി ടീച്ചർക്കും ദീപ ടീച്ചർക്കും**
**ഒരായിരം നന്ദി ................**

***എഡിറ്റർ***